# Official Spokesperson's response to a media query about Chinese MFA spokesperson’s comments on the recent visit of Hon’ble Vice-President of India to Arunachal Pradesh

October 13, 2021

## ബഹുമാനപ്പെട്ട ഇന്ത്യൻ ഉപരാഷ്ട്രപതിയുടെ സമീപകാല അരുണാചൽ പ്രദേശിലേക്കുള്ള സന്ദർശനത്തെക്കുറിച്ചുള്ള ചൈനീസ് വിദേശകാര്യ വക്താവിന്റെ അഭിപ്രായങ്ങൾ സംബന്ധിച്ച മാധ്യമ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

ഒക്ടോബർ 13, 2021

**ബഹുമാനപ്പെട്ട ഇന്ത്യൻ ഉപരാഷ്ട്രപതി സമീപകാലത്തായി അരുണാചൽ പ്രദേശിലേക്ക് നടത്തിയ സന്ദർശനം സംബന്ധിച്ച് ചൈനീസ് വിദേശകാര്യ വക്താവിന്റെ അഭിപ്രായങ്ങൾ സംബന്ധിച്ച മാധ്യമ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവ് ശ്രീ അരിന്ദാംബാഗ്ചിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു:**

"ചൈനീസ് ഔദ്യോഗിക വക്താവ് ഇന്ന് നടത്തിയ അഭിപ്രായങ്ങൾ ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത്തരം അഭിപ്രായങ്ങൾ ഞങ്ങൾ നിഷേധിക്കുന്നു. അരുണാചൽ പ്രദേശ് ഇന്ത്യയുടെ അവിഭാജ്യവും ഒഴിച്ചുകൂടാനാവാത്തതുമായ ഭാഗമാണ്. ഇന്ത്യൻ നേതാക്കൾ ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേയും പോലെ അരുണാചൽ പ്രദേശിലേക്ക് പതിവായി യാത്ര ചെയ്യാറുണ്ട്. ഒരു ഇന്ത്യൻ സംസ്ഥാനത്തിലേക്ക് ഇന്ത്യൻ നേതാക്കൾ നടത്തുന്ന സന്ദർശനത്തെ എതിർക്കുക എന്നത് ഇന്ത്യൻ ജനതയുടെ യുക്തിക്കും ധാരണയ്ക്കും നിരക്കുന്ന ഒന്നല്ല

കൂടാതെ, ഞങ്ങൾ നേരത്തെ സൂചിപ്പിച്ചതുപോലെ, ഇന്ത്യ-ചൈന അതിർത്തി പ്രദേശങ്ങളിലെ പടിഞ്ഞാറൻ മേഖലയിലെ യഥാർത്ഥ നിയന്ത്രണ രേഖയിൽ നിലവിലുള്ള സ്ഥിതിയ്ക്ക് ഉഭയകക്ഷി കരാറുകൾ ലംഘിച്ച്, നിയന്ത്രധികാരം മാറ്റാനുള്ള ചൈനീസ് പക്ഷത്തിന്റെ ഏകപക്ഷീയ ശ്രമങ്ങളാണ് കാരണമായത്. അതിനാൽ, പരസ്പര ബന്ധമില്ലാത്ത കാര്യങ്ങളെ ബന്ധിപ്പിക്കാൻ ശ്രമിക്കുന്നതിനു പകരം ഉഭയകക്ഷി കരാറുകളും പ്രോട്ടോക്കോളുകളും പൂർണ്ണമായും പാലിച്ചുകൊണ്ട്.കിഴക്കൻ ലഡാക്കിലെ യഥാർത്ഥ നിയന്ത്രണരേഖയിൽ അവശേഷിക്കുന്ന പ്രശ്നങ്ങൾ എത്രയും പെട്ടന്ന് പരിഹരിക്കുന്നതിന് ചൈനീസ് ഭാഗം പ്രവർത്തിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ”

**ന്യൂ ഡൽഹി**
**ഒക്ടോബർ 13, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.